**25.07.2023**

# <u>KGBEU OU ബുള്ളറ്റിൻ 81/2023</u>

സഖാക്കളെ,

## വിഷയം: KGB മാനേജ്മെന്റിന്റെ സ്ത്രീവിരുദ്ധതക്കെതിരെ പ്രതിഷേധം

ഒരു ജീവനക്കാരിക്ക് maternity leave നിഷേധിച്ച വിഷയത്തിലും, മറ്റൊരു ബ്രാഞ്ചിൽ മാനേജർ നിരന്തരമായി മാനസികമായി പീഡിപ്പിക്കുന്നു എന്ന വേറൊരു ജീവനക്കാരിയുടെ പരാതി ലഭിച്ചിട്ട് 5 മാസം കഴിഞ്ഞിട്ടും മാനേജ്മെന്റ് മൗനം തുടരുന്ന പശ്ചാത്തലത്തിലും ഹെഡ് ഓഫീസിനു മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചു. സ്ത്രീ ജീവനക്കാരോട് ഇതാദ്യമായല്ല മാനേജ്മെന്റ് അധിക്ഷേപം കാണിക്കുന്നത്. രണ്ട് വർഷം മുന്നേയും, നിയമപരമായി അർഹതപ്പെട്ട maternity leave ഇവിടെ നിഷേധിക്കപ്പെടുകയും സംഘടനയുടെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് അന്ന് അത് അനുവദിക്കുകയുമായിരുന്നു. COVID കാലഘട്ടത്തിൽ സർക്കാരിന്റെ നിർദേശവും, ബാങ്കിന്റെ സർക്കുലർ പ്രകാരവും Maternity leave കഴിഞ്ഞ ഉടൻ Work from home വ്യവസ്ഥയിൽ ജോലി ചെയ്ത ജീവനക്കാരിയുടെ ശമ്പളം നിഷേധിക്കുകയും ചെയ്യുകയുണ്ടായി. (സംഘടന ഇടപെടലിനെ തുടർന്ന് ഈ വിഷയം ഇപ്പോൾ വനിതാ കമ്മീഷന്റെ പരിഗണനയിൽ ആണ്). ഈ വിഷയങ്ങളെല്ലാം പൊതുസമൂഹത്തിനു മുന്നിൽ കൊണ്ട് വരാൻ സംഘടന തീരുമാനിച്ചിട്ടുണ്ട്. ഏത് വിധേനയും ഇത്തരം അനീതികൾക്കെതിരെ ശക്തമായി പോരാടാനും നീതി നേടിക്കൊടുക്കുന്നതിനുമാണ് സംഘടന തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി അടുത്ത ദിവസം തന്നെ പത്ര സമ്മേളനം വിളിക്കാനും, ശക്തമായ തുടർപ്രക്ഷോഭവുമായി മുന്നോട്ടു പോകാനും സംഘടന തീരുമാനിച്ചിട്ടുണ്ട്. മറ്റു കാര്യങ്ങൾ വഴിയേ അറിയിക്കും.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)